# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 18676/ഉപ.സി.3/2011/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 ഡിസംബർ 27.*

വിഷയം:—ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് ത്വരിതപ്പെടുത്തുന്നത്—സംബന്ധിച്ച്.

സൂചന:— (1) 18-6-2011-ലെ 9222/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(2) 3-8-2011-ലെ 13027/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(3) 17-8-2011-ലെ 13027/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(4) 16-9-2011-ലെ 14373/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(5) 21-10-2011-ലെ 18132/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

(6) 22-11-2011-ലെ 20964/ഉപ.സി3/2011/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തെ തുടർന്ന് നടപ്പുസാമ്പത്തിക വർഷം 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന സൂചന (1)-ലെ സർക്കുലർ പ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് മേൽ സൂചിപ്പിച്ച പ്രതീക്ഷിത ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സൂചന (2)-ലെ സർക്കുലർ പ്രകാരം നിർദ്ദേശവും നൽകിയിരുന്നു.

(2) സൂചന (3)-ലെ സർക്കുലർ പ്രകാരം ഓരോ വകുപ്പും 2011 ഏപ്രിൽ ഒന്നു മുതൽ 2012 മാർച്ച് 31 വരെ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ അപ്രകാരമുള്ള ഒഴിവുകൾ നിലവിലുള്ള നിർദ്ദേശപ്രകാരം സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ നികത്താൻ വേണ്ടിയുള്ളതാണെന്ന കാര്യം കൂടി വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സൂചന (4)-ലെ സർക്കുലർ പ്രകാരം ഇനിയും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം റിപ്പോർട്ട് ചെയ്യണമെന്നും, സൂചന (5)-ലെ സർക്കുലർ പ്രകാരം ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകളും സൂപ്പർ ന്യൂമററി ഒഴിവുകളും ഉൾപ്പെടെ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്തുവാനും പ്രൊഫോർമയിലെ എല്ലാ കോളങ്ങളും കൃത്യതയോടെ

പൂരിപ്പിക്കുവാനും എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. സൂചന (6)-ലെ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ ഒഴിവുകളും ഇനിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(3) എന്നാൽ മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചശേഷവും ചില നിയമനാധികാരികൾ ഒഴിവുകൾ ഇപ്പോഴും കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ യഥാസമയം അറിയിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ ഒഴിവുകളും ഇനിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയുംവേഗം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നതോടൊപ്പം സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

റ്റി. ജെ. മാത്യൂ,
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.

അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്തുസഹിതം).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.

വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും (വിപുലമായ പ്രചരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.